**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1950** **06/07/2015-ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാനം**

**ചോദ്യം**

**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ.ബെന്നി ബെഹനാൻ**
**ശ്രീ.ടി എൻ പ്രതാപൻ**
**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**

**മറുപടി**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**വനവും, പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**

(എ) കാലാവസ്ഥ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(എ) ഉണ്ട്. സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (SAPCC) തയ്യാറാക്കി കേന്ദ്ര വനവും പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയത്തിന് സമർപ്പിച്ചു. ഈ പദ്ധതിയ്ക്ക് 2014 ജൂലൈയിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മൊത്തം 1170.4 കോടി രൂപയുടെ 5 വർഷത്തെ കർമ്മ പദ്ധതിയിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യ സമ്പത്തും തീരദേശ ആവാസ വ്യവസ്ഥയും, വനം, ജൈവ വൈവിദ്ധ്യവും ജലവിഭവവും, ആരോഗ്യം, ഊർജ്ജം, നഗരാഭിമുഖ്യവും ഗതാഗത കാര്യവും, വിനോദ സഞ്ചാരം എന്നീ മേഖലകളിലായി 127 പദ്ധതികളാണ് കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കാനും നേരിടാനും വേണ്ടി നടപ്പാക്കാൻ കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം മൂലം മേൽ പറഞ്ഞ 9 മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെട്ടുമെന്ന് വിലയിരുത്തപ്പെട്ടതിനാൽ അവ ലഘൂകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് കർമ്മ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ ;

(ബി) ഉണ്ട്. ഈ കർമ്മ പദ്ധതിയ്ക്ക് അഞ്ചു വർഷത്തെ പ്രതീക്ഷിക്കുന്ന തുക 1170.4 കോടി രൂപയാണ്. 2014-15 വർഷത്തിൽ 3 കോടി രൂപ ബജറ്റിൽ (100 % കേന്ദ്രാവിഷ്കൃതം) വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) | കേരളമുൾപ്പെടെ 6 സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് U.K സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് (DFID) 12 ദശലക്ഷം ഡോളർ ധനസഹായം നൽകാമെന്ന് കേന്ദ്രസർക്കാരുമായി ധാരണയുണ്ട് . ഈ പദ്ധതി നടപ്പാക്കാൻ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. 2014 നവംബർ മാസത്തിലും 2015 ജൂൺ മാസത്തിലും ഈ വകുപ്പുകളെ ഉൾപ്പെടുത്തി "Stake Holders Workshop" സംഘടിപ്പിക്കുകയുണ്ടായി. ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റിന്റെ (DFID) വിദഗ്ധർ പങ്കെടുത്ത് സാങ്കേതിക വശങ്ങൾ വിശദീകരിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ തുടർ നടപടികളുടെ ഏകോപനം നോഡൽ ഏജൻസിയായ ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ